**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 452** **12-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാശ്രീ പദ്ധതി മുഖേന നൽകിയ കൊക്കോണിക്സ് ലാപ്ടോപ്പ് പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾ അടച്ച തുക ആവശ്യപ്പെടുന്ന പക്ഷം തിരിച്ച് നല്കാൻ കെ. എസ്. എഫ്. ഇ. തയ്യാറാകുമോ; | (എ) | കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിതരണം ചെയ്ത കൊക്കോണിക്സ് കമ്പനിയുടെ ലാപ്ടോപ്പുകൾ തകരാറായതായി വ്യാപക പരാതികൾ വന്ന സാഹചര്യത്തിൽ കൊക്കോണിക്സ് കമ്പനി തന്നെ തകരാറായ ലാപ്ടോപ്പുകൾ തിരിച്ചെടുത്തു കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. അതുപ്രകാരം തകരാർ വന്ന കൊക്കോണിക്സ് ലാപ്ടോപ്പുകൾ തിരികെ ശാഖകളിൽ തിരിച്ചേൽപ്പിക്കാനുള്ള നിർദ്ദേശം കെ.എസ്.എഫ്.ഇ നൽകിയിട്ടുണ്ട്. |
| (ബി) | ലാപ്ടോപ്പ് പ്രവർത്തനരഹിതമായിട്ടും തവണ മുടക്കിയാൽ പിഴപ്പലിശ ഈടാക്കുമെന്ന അറിയിപ്പ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | നിരവധി തവണ മാറ്റി നൽകിയ ലാപ്ടോപ്പുകൾ പോലും പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാൻ ബദൽ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ കാലതാമസം വരുത്തിയ HP, LENOVOഎന്നീ കമ്പനികൾക്കെതിരെ ഉചിതമായ നിയമ നടപടി സ്വീകരിക്കുവാൻ എം.ഡി കെ.എസ്.എഫ്.ഇ യെ ചുമതലപ്പെടുത്തി 10.08.2021 ലെ ജി.ഒ.(എം.എസ്) 44/2021/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലാപ്ടോപ്പുകൾ പ്രവർത്തന രഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുവാൻ വൈകുന്ന സാഹചര്യത്തിലും പ്രസ്തുത ഉത്തരവ് പ്രകാരം വിദ്യാശ്രീ പദ്ധതിയിൽ പുന:ക്രമീകരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 15,000/- രൂപയുടെ 500/- രൂപ 30 മാസതവണകളായി അടയ്ക്കേണ്ട ചിട്ടി 20,000/- രൂപയുടെ 500/- രൂപ 40 മാസതവണകളായി അടച്ചുതീർക്കുന്ന ചിട്ടിയായി |

| | | | |
|---|---|---|---|
| | | | പുന:ക്രമീകരണം ചെയ്യുന്നതിനും കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽ നിന്നും ഇഷ്ടമുള്ള ലാപ്‌ടോപ്പ്/ ടാബ് ലെറ്റ് വാങ്ങി ആയതിന്റെ ഇൻവോയിസ്/ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ലാപ്‌ടോപ്പിന്റെ/ ടാബ് ലെറ്റിന്റെ വില അല്ലെങ്കിൽ പരമാവധി 20,000/- രൂപ ഏതാണോ കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്. ലാപ്‌ടോപ്പ് ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുമെന്ന് അറിയിച്ചശേഷവും ആയത് വാങ്ങുവാൻ തയ്യാറാകുന്ന ഗുണഭോക്താക്കൾക്ക് ലാപ്‌ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ